നമ്പർ. സി.ബി.(1)21346/09

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി 09-07-2009

## സർക്കുലർ നമ്പർ 32/2009

വിഷയം: സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിയ്ക്കുന്നതു സംബന്ധിച്ച്

സൂചന: (1) 4/5/2009 ൽ ബഹു: സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സെൻട്രൽ, ബാങ്ക്സ് കോൺഫറൻസ് തീരുമാനം
(2)സഹകരണ സംഘം രജിസ്ട്രാറുടെ 7/5/2009 ലെ 18/2009 നമ്പർ സർക്കുലർ.
(3)നിക്ഷേപ/വായ്പാ പലിശ നിരക്ക് അവലോകനം/ പരിഷ്ക്കരണ കമ്മിറ്റിയുടെ 24/6/2009 ലെ യോഗ തീരുമാനം
(4) ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8/7/2009 ൽ ചേർന്ന ഉന്നതതല യോഗ തീരുമാനം

ഈ സർക്കാർ അധികാരത്തിലേറിയ ശേഷം നടത്തിയ വിവിധ സഹകരണ നിക്ഷേപ സമാഹരണങ്ങളിലൂടെ സഹകരണ വായ്പാ മേഖലയിലെ നിക്ഷേപം ഉയർത്താൻ കഴിഞ്ഞത് പൊതു ജനങ്ങൾക്ക് സഹകരണ പ്രസ്ഥാനത്തിലുള്ള വിശ്വാസ്യതയുടെ തെളിവാണെന്നും ആ വിശ്വാസ്യത നില നിർത്തുന്നതിനോടൊപ്പം മറ്റ് മേഖയിലെ നിക്ഷേപങ്ങളുടെ പലിശ നിരക്കുമായി ഒത്തു പോകുന്നതിന് നിലവിലെ പലിശ നിരക്കിൽ ചെറിയ വ്യതിയാനങ്ങൾ വരുത്തുന്നതോടൊപ്പം ചെലവു കുറഞ്ഞ നിക്ഷേപം 30% എങ്കിലും സ്വരൂപിയ്ക്കുന്നതിനും പുതുക്കിയ പലിശ നടപ്പാക്കി ഒരു മാസം നിരീക്ഷിച്ച ശേഷം ആവശ്യമാണെങ്കിൽ ആയത് പുനക്രമീകരിക്കാമെന്നും 4/5/2009 ൽ ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതിൽ ചേർന്ന സെട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനിച്ചിരുന്നു. സെൻട്രൽ ബാങ്ക്സ് കോൺഫറൻസിന്റെ ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വീകരിക്കുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് 7/5/2009 മുതൽ 18/2009 -ാം നമ്പർ സർക്കുലർ പ്രകാരം പുതുക്കി നിശ്ചയിച്ച് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

4/5/2009 ലെ സെൻട്രൽ ബാങ്ക്സ് കോൺഫറൻസിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിക്ഷേപ/വായ്പാ പലിശ നിരക്ക് അവലോകന/പരിഷ്ക്കരണ

മേൽ നിരക്കുകൾക്കു പുറമെ മുതിർന്ന പൗരന്മാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് 1/2% നിരക്കിൽ അധിക പലിശ നൽകാവുന്നതാണ്. പുതിക്കിയ നിരക്കുകൾക്ക് സർക്കുലർ തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്
റാണി ജോർജ്ജ്.ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
2. ചീഫ് ജനറൽ മാനേജർ, നബാർഡ്, റീജിയണൽ ആഫീസ്, തിരുവനന്തപുരം
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) മാർക്കും
6. ജോയിന്റ് രജിസ്ട്രാർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) മുഖേന)
9. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
10. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
11. സഹകരണ സംഘം രജിസ്ട്രാറുടെ മേശമേൽ
12. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ടുമാർക്കും
13. എഡിറ്റർ, സഹകരണ വീഥി
14. സ്റ്റോക്ക് ഫയൽ
15. സ്പെയർ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി.സെക്ഷൻ)